**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 973** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗപ്പെരുപ്പം കുറയ്ക്കുന്നതിന് നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങൾ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ജനവാസകേന്ദ്രങ്ങളിൽ കൂടുതലായി ഇറങ്ങുന്നതിന്റെ കാരണം ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്റ്റാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 13/11/2018-ൽ ഒരു MOU ഒപ്പ് വയ്ക്കുകയും ആയത് പ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനം നടത്തിയതുമായി ബന്ധപ്പെട്ട പ്രൊജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിക്കുന്നത് താഴെ പറയുന്ന കാരണങ്ങളാലാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.<br><br>1. കാടിനു ചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യവിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.<br>2. വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ.<br>3. മനുഷ്യരും, വളർത്തു മൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.<br>4. ആവാസമേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നത് മൂലം വന്യമൃഗങ്ങളുടെ സ്വൈരവിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.<br>5. അധിനിവേശ വിദേശസസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയ്ക്കുന്നു. |

| | | | |
|---|---|---|---|
| | | | 6. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേട്ടുകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടു വളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.<br>7. ആധുനിക വാർത്താവിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെട്ടുത്തുന്നത് മൂലം മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.<br>8. വനമേഖലയിലും വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലും മാലിന്യം നിക്ഷേപിക്കുന്ന പ്രവണത പൊതുജനങ്ങളുടെ ഭാഗത്തുനിന്നും കാണുന്നു. പ്രസ്തുത മാലിന്യങ്ങൾ ഭക്ഷിക്കാൻ വന്യമൃഗങ്ങൾ എത്തിച്ചേരുന്നതും ജനവാസ മേഖലകളിലെ അവയുടെ സാന്നിധ്യത്തിന് ഒരു കാരണമായി വിലയിരുത്തുന്നു. |
| (ബി) | വന്യമൃഗപ്പെരുപ്പം കുറയ്ക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഇക്കാര്യം പരിഗണനയിലില്ല |
| (സി) | നിയമനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ ഇക്കാര്യം പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ